**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചേലക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ചേലക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളായി തിരഞ്ഞെടുത്ത പഴയന്നൂർ പഞ്ചായത്തിലെ തിരുമണി, ചേലക്കര പഞ്ചായത്തിലെ കളപ്പാറ എന്നീ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചേലക്കര മണ്ഡലത്തിലെ തിരുമണി, കളപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പ്രവർത്തികളുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയത് ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ; | (ബി) | 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചേലക്കര മണ്ഡലത്തിലെ തിരുമണി, കളപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസന പ്രവർത്തികൾക്കായുള്ള മോണിറ്ററിങ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ? | (സി) | ജില്ലാ കളക്ടർ ചെയർമാനും, ഐ.റ്റി.ഡിപ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറുമായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ടി പദ്ധതിയുടെ ഏകോപനവും മോണിറ്ററിംഗും നടത്തി വരുന്നു. സബ് കളക്ടർ/ജില്ലാ പ്ലാനിംഗ് ഓഫീസർ ജനപ്രതിനിധികൾ (എം.എൽ.എ, ത്രിതല പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ) സംസ്ഥാന പട്ടികവർഗ്ഗ ഉപദേശക സമിതി മെമ്പർമാർ ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഊരുമൂപ്പൻ എസ്.ടി പ്രൊമോട്ടർ |

സെക്ഷൻ ഓഫീസർ